പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1986 **26-10-2026-ൽ മറുപടിയ്ക്ക്**

തിരുരങ്ങാടി നെടുവ സി.എച്ച്.സി.-യിൽ ഐ.പി സംവിധാനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി .എം. എ. സമീർ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ നെടുവ സി.എച്ച്.സി.-യിൽ ഐ.പി. ആരംഭിക്കുന്നതിന് നൽകിയിരുന്ന നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.എച്ച്.സി. നെടുവയിലെ ഐ.പി. വാർഡ് പ്രവർത്തിക്കുന്ന കെട്ടിടം നിലവിൽ ഉപയോഗിക്കുവാൻ പറ്റാത്ത അവസ്ഥയിലാണ് ഉള്ളത്. ആയത് ഐ.പി. പുനരാരംഭിക്കുന്ന പ്രധാന തടസ്സമായി നിലനിൽക്കുന്നു. പ്രസ്തുത കെട്ടിടത്തിന്റെ താരതമ്യേന സുരക്ഷിതമായ ഭാഗത്ത് രോഗികളെ പ്രവേശിപ്പിച്ച് എത്രയും വേഗം ഐ.പി. പുനരാരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. ആയതിനായി കെട്ടിടം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പരപ്പനങ്ങാടി നഗരസഭയിലെ അസിസ്റ്റന്റ് എഞ്ചിനിയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവർത്തന യോഗ്യമാക്കുന്ന കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച് ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് ഐ പി ആ രംഭിക്കുന്ന വിഷയം പരിശോധിച്ച് ഉചിത നടപ ടി സ്വീകരിക്കുന്നതാണ്.

ആർദ്രം മാനദണ്ഡ പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ പ്രസവ ചികിത്സ നിർഷ്കർഷിക്കുന്നില്ല.

(ബി) ഈ ആശുപത്രിയിൽ മുൻപ് നിരവധി പ്രസവങ്ങളും അതിനുള്ള അഡ്മിഷനും ഐ.പി.യും ഉണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പിന്നീട് ഇവ നിർത്തിവെച്ചതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്ന തീരദേശ മേഖലയിലെ ഈ ആശുപത്രിയിൽ എന്ന് ഐ.പി. സംവിധാനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ